ഉത്തരം

(എ) 18-8-1980-ൽ.

(ബി) ടെൻഡർ വിളിച്ചിട്ടില്ല.

(സി) കഴിയുന്നതും വേഗം കരാർ നൽകി, മുൻഗണനാക്രമം അനുസരിച്ച് പണി പൂർത്തിയാക്കുന്നതാണ്.

എലത്തൂർ ശുദ്ധജലവിതരണ പദ്ധതിക്ക് വിദ്യുച്ഛക്തി കണക്ഷൻ

207 [259] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എരഞ്ഞിക്കൽ സെക്ഷനിൽപ്പെട്ട എലത്തൂർ ശുദ്ധജലവിതരണപദ്ധതിക്ക് വിദ്യുച്ഛക്തി കണക്ഷന് വേണ്ടി അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ പ്രവർത്തനം നടത്തുന്നതിനുവേണ്ടി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ;

(ഡി) എന്ന് കണക്ഷൻ കൊടുക്കാൻ കഴിയും ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26-9-1986-ൽ.

(സി, ഡി) കേരള ജലഅതോറിട്ടി ആവശ്യമുള്ള ഡിപ്പാസിറ്റുകൾ അടച്ചിട്ടില്ല. രജിസ്ട്രേഷൻ പൂർത്തിയായാലുടൻ കണക്ഷൻ നൽകാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

കുമിളി, വണ്ടിപ്പെരിയാർ പ്രദേശത്ത് വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിന് നടപടി

208 [260] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുമിളി, വണ്ടിപ്പെരിയാർ പ്രദേശത്ത് വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആർ. ഇ. സി. പണികളിൽ ഉൾപ്പെടുത്തി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വണ്ടിപ്പെരിയാറിൽ ഒരു സബ്സ്റ്റേഷൻ പണിയുവാനായി സ്ഥലം പൊന്നും വിലയ്ക്കെടുത്തിട്ടുണ്ട്. ഇതിന്റെ പണി പൂർത്തിയാകുമ്പോൾ വോൾട്ടേജ് ക്ഷാമം പൂർണ്ണമായി പരിഹൃതമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly